കോ–ഓർഡിനേഷൻ കമ്മിറ്റി
കേരള ഗ്രാമീണ ബാങ്ക് എംപ്ലോയീസ് യൂണിയൻ &
കേരള ഗ്രാമീണ ബാങ്ക് ഓഫീസേഴ്സ് യൂണിയൻ
(Affiliated to AIRRBEA & BEFI)
സെൻട്രൽ ഓഫീസ്: ദിലീപ് മുഖർജി ഭവൻ, റിംഗ് റോഡ്, അപ്ഹിൽ, മലപ്പുറം 676 505
Email: kgbeumpm@gmail.com, visit:www.kgbeuou.com

സർക്കുലർ 8/2023 02.05.2023

# അഞ്ചാം സമ്മേളനം കോട്ടയത്ത്

സഖാക്കളെ,

കേരള ഗ്രാമീണ ബാങ്ക് എംപ്ലോയീസ് യൂണിയന്റെയും കേരള ഗ്രാമീണ ബാങ്ക് ഓഫീസേഴ്സ് യൂണിയന്റെയും അഞ്ചാമത് സമ്മേളനം 2023 ജൂലൈ 22, 23 തിയതികളിൽ കോട്ടയത്ത് വെച്ച് നടക്കും. കോട്ടയം മാമൻ മാപ്പിള ഹാളിലാണ് സമ്മേളനം നടക്കുക. സമ്മേളനം വിജയിപ്പിക്കാൻ ആവശ്യമായ പ്രാരംഭ പ്രവർത്തനങ്ങൾ കോട്ടയം ജില്ലാ കമ്മിറ്റി ആരംഭിച്ചിട്ടുണ്ട്.

കൃത്യമായ ദിശാബോധത്തോടെ പ്രവർത്തിക്കുന്ന ഏതൊരു സംഘടനയെ സംബന്ധിച്ചിടത്തോളവും കൃത്യമായ ഇടവേളകളിൽ സമ്മേളനം ചേരുക എന്നത് വളരെ പ്രധാനപ്പെട്ട കാര്യമാണ്. നമ്മുടെ സംഘടനയെ സംബന്ധിച്ചും ഇത് പ്രധാനമാണ്. ലോകമാകെ അടച്ചു പൂട്ടപ്പെട്ട ഒരു കാലഘട്ടത്തിൽ എല്ലാ പ്രതിനിധികളും ഒന്നിച്ചിരുന്ന് സമ്മേളനം നടത്താൻ പറ്റിയ ഒരു സാഹചര്യമായിരുന്നില്ല കഴിഞ്ഞ സമ്മേളനം നടക്കുന്ന അവസരത്തിൽ ഉണ്ടായിരുന്നത്. പതിനാല് ജില്ലകളിലും പ്രതിനിധികൾ പ്രത്യേകം പ്രത്യേകം സമ്മേളിച്ച് ഓൺലൈനിൽ കണക്ട് ചെയ്തു കൊണ്ടാണ് കഴിഞ്ഞ സമ്മേളനം നടന്നത്. അതു കൊണ്ട് തന്നെ 2017 ഏപ്രിൽ മാസം തൃശൂരിൽ വെച്ച് നടന്ന മൂന്നാമത് സമ്മേളനത്തിന് ശേഷം സംസ്ഥാനത്തെ മൊത്തം പ്രതിനിധികളും ഒന്നിച്ചു സമ്മേളിക്കുന്ന സമ്മേളനമായിരിക്കും കോട്ടയത്ത് നടക്കുക.

2021 ഒക്ടോബർ മാസം ഓൺലൈനായി നടന്ന കഴിഞ്ഞ സമ്മേളനം മുതൽ നമ്മുടെ സംഘടന നടത്തിയ പ്രവർത്തനങ്ങളെ വിമർശനാത്മകമായി പരിശോധിക്കുകയും കുടുതൽ മെച്ചപ്പെട്ട പ്രവർത്തനങ്ങൾ എങ്ങനെ ചെയ്യാൻ കഴിയും എന്ന പരിശോധന നടത്തുകയുമാണ് സമ്മേളനത്തിന്റെ പ്രധാന കടമ. ബാങ്കിനേയും ജീവനക്കാരേയും കൂടുതൽ മെച്ചപ്പെട്ട തലത്തിലേക്ക് ഉയർത്തുന്നതിനുള്ള നിർദ്ദേശങ്ങൾ സ്വാഭാവികമായും സമ്മേളനത്തിൽ ഉയർന്നു വരികയും അതിൽ തീരുമാനം കൈകൊള്ളുകയും ചെയ്യും.

അധ്വാനിക്കുന്ന തൊഴിലാളി വർഗം ലോകത്താകെ വലിയ വെല്ലുവിളികളാണ് നേരിടുന്നത്. ലാഭം, കൂടുതൽ ലാഭം എന്ന ചിന്തയാൽ നയിക്കപ്പെടുന്ന മുതലാളിത്തം തൊഴിലാളികളെ അടിമകളാക്കുന്ന നയങ്ങളാണ് സ്വീകരിക്കുന്നത്. ലോകത്താകെയുള്ള തൊഴിലാളികളുടെ productivity നിരക്ക് വർധിക്കുമ്പോഴും അവരുടെ real wages കുറയുകയാണ് ചെയ്യുന്നത് എന്ന യാഥാർത്ഥ്യം ILO പുറത്തുവിട്ട Global Wages Report 2022- 23 തുറന്നു കാട്ടുന്നു. സ്ഥിരം തൊഴിൽ അവസാനിപ്പിച്ച് തൊഴിലിന്റെ താൽക്കാലികവൽക്കരണം സാർവ്വത്രികമാക്കുകയാണ്. ഇതിനെതിരായ പോരാട്ടങ്ങളിലും നമുക്ക് അണിനിരക്കേണ്ടതുണ്ട്.

നമ്മുടെ സമ്മേളനത്തിന്റെ കലണ്ടർ താഴെ പറയും വിധമായിരിക്കും

ഉടൻ തന്നെ മുഴുവൻ യൂണിറ്റ് സെക്രട്ടറിമാരേയും തെരഞ്ഞെടുക്കുകയും തുടർന്ന് മെയ് മാസത്തിൽ തന്നെ ഏരിയ സമ്മേളനങ്ങൾ പൂർത്തീകരിക്കുകയും വേണം. മുഴുവൻ അംഗങ്ങളും പങ്കെടുത്തുകൊണ്ട് നടക്കുന്ന ഏരിയ സമ്മേളനങ്ങളിൽ ഏരിയ കൺവീനർമാരെ തെരഞ്ഞെടുക്കും.

ജൂൺ 4 – പതിനാല് ജില്ലകളിലേയും ജില്ലാ സമ്മേളനം. സ്ഥലം ജില്ലാ കമ്മിറ്റികൾ തീരുമാനിക്കും. ജില്ലാ സമ്മേളനത്തിൽ ജില്ലയിലെ മുഴുവൻ അംഗങ്ങളും പങ്കെടുക്കണം. ജില്ലാ സമ്മേളനം ജില്ലാ ഭാരവാഹികളേയും കമ്മിറ്റി അംഗങ്ങളേയും തെരെഞ്ഞെടുക്കും. സംസ്ഥാന സമ്മേളന പ്രതിനിധികളേയും ജില്ലാ സമ്മേളനം തെരെഞ്ഞെടുക്കും. അഞ്ച് മെമ്പർമാർക്ക് ഒന്ന് എന്ന നിലയിലായിരിക്കും സംസ്ഥാന സമ്മേളനത്തിലെ പ്രാതിനിധ്യം.

ജൂലൈ 16 – സംസ്ഥാന സമ്മേളനത്തിൽ ജനറൽ സെക്രട്ടറി അവതരിപ്പിക്കുന്ന പ്രവർത്തന റിപ്പോർട്ട് അതത് ജില്ലയിലെ പ്രതിനിധികൾ ജില്ലയിലെ ഒരു കേന്ദ്രത്തിൽ ഇരുന്ന് ചർച്ച ചെയ്യും. ഇത് സംസ്ഥാന സമ്മേളനത്തിൽ കൂടുതൽ ക്രിയാത്മകമായ ചർച്ചക്ക് സഹായകരമാവും. ഈ അർത്ഥത്തിൽ പരിശോധിക്കുമ്പോൾ നമ്മുടെ സമ്മേളനം യഥാർത്ഥത്തിൽ മൂന്ന് ദിവസം നടക്കുന്ന സമ്മേളനം ആയി മാറും.

**ജൂലൈ 22, 23– സംസ്ഥാന സമ്മേളനം കോട്ടയത്ത്.**

സമ്മേളന ഫണ്ട് : ഒരു ദിവസത്തെ പതിനാല് ജില്ലാ സമ്മേളനങ്ങൾ, ഒരു ദിവസം പതിനാല് ജില്ലകളിലും റിപ്പോർട്ട് ചർച്ച ചെയ്യുന്ന യോഗം, രണ്ട് ദിവസത്തെ സംസ്ഥാന സമ്മേളനം എന്നിവക്കെല്ലാം വരുന്ന ചെലവ് നമ്മുടെ അംഗങ്ങളിൽ നിന്ന് കണ്ടെത്തണം എന്നാണ് തീരുമാനിച്ചിട്ടുള്ളത്. ശ്രദ്ധിക്കുക, നമ്മുടെ അംഗങ്ങളിൽ നിന്ന് മാത്രമാണ് നാം സമ്മേളന ഫണ്ട് പിരിക്കുക. സമ്മേളന ഫണ്ട് താഴെ പറയുന്ന നിരക്കിലാണ് തരേണ്ടത്.

| | | |
|---|---|---|
| Officer Scale II and above | - | Rs.2000 |
| Offier Scale I | - | Rs.1500 |
| OAST | - | Rs.800 |
| OATD | - | Rs.300 |

ഫണ്ട് മെയ് 31 ന് മുമ്പ് KGBOU വിന്റെ പേരിൽ മലപ്പുറം ശാഖയിലുള്ള 40112101020092 എന്ന എക്കൗണ്ടിലേക്കാണ് അടക്കേണ്ടത്. ഫണ്ട് അടക്കുന്നവർ സ്റ്റാഫ്നമ്പർ, പേര് എന്നിവ രേഖപ്പെടുത്തണം. (മറ്റ് വിവരങ്ങൾ ഒന്നും രേഖപ്പെടുത്തേണ്ടതില്ല)

ഓരോ തലത്തിലുമുള്ള സമ്മേളനങ്ങൾ വിജയിപ്പിക്കാനുള്ള പ്രവർത്തനങ്ങൾ ഏറ്റെടുക്കണമെന്ന് മുഴുവൻ അംഗങ്ങളോടും അഭ്യർത്ഥിക്കുന്നു.

**അഭിവാദനങ്ങളോടെ,**

**ബിഗേഷ് ഉണ്ണിയൻ**
ജനറൽ സെക്രട്ടറി
KGBEU, 98957 10203

**പ്രശാന്ത് ജി**
ആക്ടിംഗ് ജനറൽ സെക്രട്ടറി
KGBOU, 99951 10026